(ബി) ഈ സ്കീം എന്നേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാനിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ ഉറവിടം ഇപ്പോൾ നിലവിലുള്ള കാലടി പമ്പ് ഹൗസ് തന്നെയാണ്. പമ്പുകളും മോട്ടോറുകളും സ്ഥാപിക്കുന്നതിനായുള്ള പമ്പിംഗ് മെയിനിന്റെ പണികൾ അവസാനഘട്ടത്തിലാണ്. ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള ടെന്റർ ചെയ്തിട്ടുണ്ട്. ഒ.എച്ച്. ടാങ്കിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. വിതരണ കുഴലുകൾ സ്ഥാപിക്കുന്ന ജോലികൾ ടെൻഡർ ചെയ്തു കഴിഞ്ഞു.

(ബി) 3/2001-ൽ.

(സി) ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനുള്ള ടെൻഡർ ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതികൾ

150 (2609) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ എത്ര കുടിവെള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) അവ ഏതെല്ലാമാണ് ;

(സി) അവയുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 16 ചെറുകിട പദ്ധതികളുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി മൂന്നു വൻകിടപദ്ധതികൾക്കും, ഏ.ആർ.ഡബ്ല്യൂ.എസ്.പി. യിൽ ഉൾപ്പെടുത്തി ഒരു വൻകിട പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാലക്കാട്ടെ ശുദ്ധജലവിതരണ പദ്ധതികൾ

151 (2613) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ലോക ബാങ്കിന്റെ സഹായത്തോടെ എത്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചിട്ടില്ലായെങ്കിൽ അവ എപ്പോൾ ആരംഭിക്കുമെന്നും പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിനെയാണ് പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്തിട്ടുള്ളത്. പൈലറ്റ് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ ആസൂത്രണഘട്ടത്തിലാണ്. ഗുണഭോക്തൃസമിതികളെ കണ്ടെത്തുക, ജലസ്രോതസുകളെ കണ്ടെത്തുക, എസ്റ്റിമേറ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾ നടന്നു വരുന്നു. ആസൂത്രണഘട്ടത്തിനുശേഷം നടത്തിപ്പ് ഘട്ടം ആരംഭിച്ചു. ഒരു വർഷത്തിനകം പൈലറ്റ് പഞ്ചായത്തുകളിലെ പദ്ധതികൾ പൂർത്തീകരിക്കത്തക്കവിധമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന കുടിവെള്ള പദ്ധതികൾ

152 (2616) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നത് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതികളുടെ സാങ്കേതിക വശങ്ങൾ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതികളുടെ ഗുണമേന്മയും സുരക്ഷയും ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പരിശോധനകളും നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ ഈ ഓരോ പദ്ധതികളുടെ കാര്യത്തിലും വാട്ടർ അതോറിറ്റി ഏതൊക്കെ നടപടികളും പരിശോധനകളും നടത്തി വരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതികളുടെ വിജയം ഉറപ്പു വരുത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ ബന്ധപ്പെട്ട ഓരോ വാട്ടർ അതോറിറ്റി ആഫീസുകളും നടപ്പാക്കി വരുന്ന ക്രമീകരണങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly